لَاۤ اِلٰهَ اِلَّا اللّٰهُ لَاۤ اِلٰهَ اِلَّا اللّٰهُ

لَاۤ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَسُولُ اللّٰهُ

എല്ലാ ഗുണങ്ങൾ നേടുവാൻ
കുറ്റങ്ങളെല്ലാം നീങ്ങുവാൻ
സ്വർഗത്തിൽ ഒന്നായ് ചേരുവാൻ
ബദ്‌രീങ്ങളെ തുണ റബ്ബനാ....

കടം വീടി സന്തോഷിക്കുവാൻ
കുടുംബങ്ങളിൽ ഗുണം ചെയ്യുവാൻ
ഖൈറായ പാതയിൽ നീങ്ങുവാൻ
ബദ്‌രീങ്ങളെ തുണ റബ്ബനാ

ദിക്റും സ്വലാത്തും നിത്യമിൽ
ചെയ്ത് ഖുശൂഉം സത്യമിൽ
സത്തായ ഈമാനുള്ളതിൽ
ബദ്‌രീങ്ങളെ തുണ റബ്ബനാ...

സന്താന സൗഭാഗ്യത്തിനും
സൗകര്യമുള്ളൊരു വീടിനും
പ്രസവത്തിലെ എളുപ്പത്തിനും
ബദ്‌രീങ്ങളെ തുണ റബ്ബനാ...

പ്രഷറും പ്രമേഹം ഷുഗറതും
അറ്റാക്ക് കാൻസർ മുഴുവനും
ഷിഫ തന്ന് ദീർഘായുസ്സിനും
ബദ്‌രീങ്ങളെ തുണ റബ്ബനാ....

കച്ചവടം കൃഷി മുഴുവനും
ചെയ്യുന്ന ജോലിയൊക്കെയും
ബദ്‌രീങ്ങളെ ബറകത്തിനാൽ
റഫത്ത് തായാ റബ്ബനാ

എല്ലാ ബലാലും ആഫത്തും
എടങ്ങേറുകൾ മൂസ്വീബത്തും
ബദ്‌രീങ്ങളെ ബറകത്തിനാൽ
യമയ്കാക്കണം യാ റബ്ബനാ....

ദണ്ണം വബാ വാസൂരിയും
മറ്റുള്ള ദീനം അടങ്ങലും
ബദ് രീങ്ങളെ ബറകത്തിനാൽ
ശിഫയാക്കണം യാ റബ്ബനാ...

ദാഹ മൗത്തത് കൂട്ടിടും
ഇബ് ലീസ് കൂസിനെ കാട്ടിടും
നേരം ലഈനവനാട്ടുവാൻ
ബദ്‌രീങ്ങളെ തുണ റബ്ബനാ....

Rahees